സുപ്രഭാതം

16 June 2023

## ചെറുമീനുകളെ പിടിക്കൽ

# സമുദ്രമത്സ്യമേഖലയ്ക്ക് കോടികളുടെ നഷ്ടം: സി.എം.എഫ്.ആർ.ഐ

കൊച്ചി • ചെറുമീനുകളെ പിടിക്കുന്നത് സംസ്ഥാനത്തെ സമുദ്രമത്സ്യമേഖലയ്ക്ക് കഴിഞ്ഞവർഷം കോടികളുടെ നഷ്ടമുണ്ടാക്കിയതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ).

കഴിഞ്ഞവർഷം കേരളതീരത്ത് നിന്ന് പിടിച്ച കിളിമീനുകളിൽ 31 ശതമാനവും നിയമപരമായി പിടിക്കാവുന്ന വലിപ്പത്തിനേക്കാൾ (എം.എൽ.എസ്) ചെറുതായിരുന്നു. ഇതുവഴി 178 കോടിയാണ് സംസ്ഥാനത്തെ സമുദ്രമേഖലയ്ക്ക് നഷ്ടം. മത്തിയുടെ കുഞ്ഞുങ്ങളെ പിടിച്ചതിലൂടെയുള്ള നഷ്ടം 137 കോടിയാണ്. അരണമീൻ പിടിച്ചതുവഴി 67 കോടിയും കലവ പിടിച്ചതുവഴി 19 കോടിയും നഷ്ടമുണ്ടായി. ഇതുവഴി 401കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന്റെ സമുദ്രമത്സ്യമേഖലയ്ക്ക് കഴിഞ്ഞവർഷമുണ്ടായതെന്നും സി.എം.എഫ്.ആർ.ഐ പറയുന്നു. കേരളത്തിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ശിൽപശാലയിലാണ് സി.എം.എഫ്.ആർ.ഐ കണക്കുകൾ അവതരിപ്പിച്ചത്.